Australian Government

COVID-19 VACCINATION

# COVID-19 വാക്സിനേഷൻ എടുക്കുന്ന ദിവസം റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റിയിൽ എന്താണ് സംഭവിക്കുന്നത്

## താമസക്കാർക്കും, കുടുംബങ്ങൾക്കും, കെയററർമാർക്കും, മറ്റ് പ്രിയപ്പെട്ടവർക്കുമുള്ള വിവരങ്ങൾ

ഓസ്ട്രേലിയയിൽ താമസിക്കുന്ന എല്ലാവർക്കും COVID-19 വാക്സിനുകൾ നൽകുക എന്ന നയമാണ് ഓസ്ട്രേലിയൻ സർക്കാരിനുള്ളത്.

COVID-19 വാക്സിൻ സ്വീകരിക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ ആളുകളിൽ റെസിഡൻഷ്യൽ ഏജ്ഡ് കെയർ വർക്കർമാരും താമസക്കാരും ഉൾപ്പെടും. ഓസ്ട്രേലിയയുടെ COVID-19 വാക്സിൻ ദേശീയ റോൾ-ഔട്ട് നയം അനുസരിച്ചുള്ള ആദ്യ ഘട്ടത്തിന്റെ (ഘട്ടം 1a) ഭാഗമാണിത്.

റെസിഡൻഷ്യൽ ഏജ്ഡ് കെയർ തൊഴിലാളികൾക്കും താമസക്കാർക്കുമുള്ള COVID-19 വാക്സിനേഷൻ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റിയിൽ വച്ച് നിർവഹിക്കപ്പെടും. നിങ്ങളുടെ വാക്സിനേഷൻ ദിവസം എന്നാണെന്ന് നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റി നിങ്ങളെ അറിയിക്കും.

വാക്സിനേഷൻ എടുക്കുന്ന ദിവസവും അതിന് മുൻപും നിങ്ങൾ എന്തൊക്കെയാണ് പ്രതീക്ഷിക്കേണ്ടത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ ഈ ഡോക്യുമെന്റ് നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും കെയററർമാർക്കും മറ്റ് പ്രിയപ്പെട്ടവർക്കും നൽകുന്നു.

## വാക്സിനേഷൻ ദിവസത്തിന് മുൻപ്

- നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റിയിലേക്ക് വാക്സിനുകൾ എത്തിക്കാൻ ഓസ്ട്രേലിയൻ സർക്കാർ നടപടി സ്വീകരിക്കും.

- നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റി സന്ദർശിച്ച് ജീവനക്കാർക്കും സ്റ്റാഫുകൾക്കും വാക്സിൻ നൽകുന്ന ഒരു ക്ലിനിക്കൽ വർക്ക് ഫോഴ്സിനെയും ഓസ്ട്രേലിയൻ സർക്കാർ നിയമിച്ചിട്ടുണ്ട്. വാക്സിനേഷൻ എടുക്കുന്ന ദിവസത്തിന് വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വാക്സിൻ എടുക്കുന്ന ദിവസം സുരക്ഷിതമായും കാര്യക്ഷമമായും കാര്യങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ഈ ക്ലിനിക്കൽ തൊഴിലാളികൾ നിങ്ങളുടെ ഫെസിലിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതാണ്.

- COVID-19 സ്വീകരിക്കുന്നതിനുള്ള സമ്മതം കരസ്ഥമാക്കാൻ നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റി നിങ്ങളെയും നിങ്ങൾക്ക് വേണ്ടി തീരുമാനം എടുക്കാൻ പകരം നിയോഗിച്ചിട്ടുള്ള വ്യക്തിയേയും (ഒരാളെ നിയോഗിച്ചിട്ടുണ്ടെങ്കിൽ) ബന്ധപ്പെടും.

    - COVID-19 വാക്സിനേഷനെ കുറിച്ച് തീരുമാനമെടുക്കാൻ വിവരങ്ങൾ നിങ്ങൾക്ക് ലഭ്യമാണ്. നിങ്ങളുടെ ഫെസിലിറ്റി നിങ്ങൾക്ക് ഇതിനകം ഈ വിവരങ്ങൾ നൽകിയിട്ടില്ലെങ്കിൽ, അതിന്റെ ഒരു പകർപ്പ് നിങ്ങൾക്ക് ഡിപ്പാർട്ടുമെന്റ് ഓഫ് ഹെൽത്തിന്റെ വെബ്സൈറ്റിൽ കണ്ടെത്താവുന്നതാണ്.

    - സമ്മതം നൽകുന്നതിന് മുമ്പ്, നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും കെയറർമാക്കും തീരുമാനമെടുക്കുന്നവർക്കും നിങ്ങളുടെ ഫെസിലിറ്റിയിലെ ക്ലിനിക്കൽ സ്റ്റാഫ്, ഒരു GP/ഫിഷിഷ്യൻ അല്ലെങ്കിൽ മറ്റ് ആരോഗ്യ വിദഗ്ദ്ധരുമായി വാക്സിനേഷന്റെ ഗുണങ്ങളും അപകടസാധ്യതകളും ചർച്ച ചെയ്യാനും നിങ്ങൾക്ക് COVID-19 ലഭിക്കുന്നത് അനുയോജ്യമാണോയെന്നും തീരുമാനിക്കാനും കഴിയുന്നതാണ്.

- വാക്സിൻ സ്വീകരിക്കുന്നത് നിങ്ങൾക്ക് അനുയോജ്യമാണോയെന്ന് ഉറപ്പാക്കാൻ നിങ്ങളുടെ ഫെസിലിറ്റിയിലെ ക്ലിനിക്കൽ സ്റ്റാഫ് നിങ്ങളുടെ ആരോഗ്യം പരിശോധിക്കും. നിങ്ങളുടെ ഫെസിലിറ്റിക്ക് നിങ്ങളുടെ ആരോഗ്യത്തെ കുറിച്ച് എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ അവർ ഒരു GP-യെ/ഫിസിഷ്യനെ സമീപിക്കും. നിങ്ങളുടെ ആരോഗ്യത്തെക്കുറിച്ചും COVID-19 വാക്സിനേഷനെ കുറിച്ചും എപ്പോൾ വേണമെങ്കിലും GP-യുമായി/ഫിസിഷ്യനുമായി സംസാരിക്കാനും നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

- COVID-19 വാക്സിൻ സ്വീകരിക്കാൻ നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ, നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റി വാക്സിൻ സ്വീകരിക്കുന്നതിന് നിങ്ങളെ രജിസ്റ്റർ ചെയ്യും. വാക്സിനേഷൻ എടുക്കുന്ന ജീവനക്കാരുമായി സഹകരിച്ച് വാക്സിനേഷൻ ദിവസത്തിനുള്ള എല്ലാ ക്രമീകരണങ്ങളും നിങ്ങളുടെ ഫെസിലിറ്റി തയ്യാറാക്കും.

- COVID വാക്സിന് വേണ്ടി നിങ്ങളുടെ GP/ഫിസിഷ്യൻ കുറിപ്പടി എഴുതേണ്ടതില്ല.

- ഒരു ഏജ്ഡ് കെയർ അഡ്വക്കേറ്റിന്റെ സഹായം തേടാനുള്ള അവകാശം നിങ്ങൾക്ക് ഉണ്ട്. OPAN മുഖേനയുള്ള ഈ സേവനം സൗജന്യവും രഹസ്യാത്മകവും സർക്കാരിൽ നിന്നും ഏജ്ഡ് കെയർ പ്രൊവൈഡർ മാരിൽ നിന്നും സ്വതന്ത്രവുമാണ്. നിങ്ങളുടെ സംസ്ഥാനത്തെയോ പ്രവിശ്യയിലെയോ ഏജ്ഡ് കെയർ അഡ്വക്കേറ്റുമാരെ 1800 700 600 എന്ന നമ്പരിലോ opan.com.au എന്ന വെബ് വിലാസത്തിലോ ലഭ്യമാണ്.

## വാക്സിനേഷൻ എടുക്കുന്ന ദിവസം

- നിങ്ങൾ വാക്സിൻ സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വാക്സിനേഷൻ ദിനത്തിൽ നിങ്ങൾ സുഖമായിരിക്കുന്നുവെന്ന് ഉറപ്പാക്കാൻ നിങ്ങളുടെ ഫെസിലിറ്റിയിലെ ക്ലിനിക്കൽ സ്റ്റാഫ് നിങ്ങളെ പരിശോധിക്കും. വാക്സിനേഷൻ എടുക്കുന്ന ദിവസം നിങ്ങൾക്ക് ഒരു മെഡിക്കൽ പ്രശ്നം ഉടലെടുക്കുകയാണെങ്കിൽ, നിങ്ങളുടെ വാക്സിനേഷൻ തുടരാൻ കഴിയുമോ എന്നോ അല്ലെങ്കിൽ പിന്നീടുള്ള ഒരു തീയതി വരെ കാത്തിരിക്കേണ്ടതുണ്ടോ എന്ന് നിർണ്ണയിക്കാൻ നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റി ഒരു GP-യുമായി/ഫിസിഷ്യനുമായി കൂടിയാലോചിച്ചേക്കാം.

- നിങ്ങളെ സഹായിക്കാനും പിന്തുണയ്ക്കാനും വാക്സിനേഷൻ എടുക്കുന്ന ദിനത്തിൽ നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റിയിലേക്ക് നിങ്ങളെ സഹായിക്കുന്നതിനായി ഒരു സഹായിയെ നിങ്ങൾക്ക് ക്ഷണിക്കാവുന്നതാണ്. വിവരങ്ങൾ വിവർത്തനം ചെയ്യുന്നതിനോ അല്ലെങ്കിൽ നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ പിന്തുണ നിൽകുന്നതിനോ സഹായകമാകുന്ന ഒരു വ്യക്തി നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

- മറ്റ് ഏതൊരു വാക്സിനിലും എന്ന പോലെ, ഒരു COVID-19 വാക്സിൻ സ്വീകരിച്ചതിന് ശേഷം നിങ്ങൾക്ക് ചില പാർശ്വഫലങ്ങൾ ഉണ്ടായേക്കാം. വാക്സിനേഷൻ ലഭിച്ച ശേഷം എന്താണ് സംഭവിക്കുന്നത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ വാക്സിൻ നൽകുന്ന ക്ലിനിക്കൽ വർക്കർ നിങ്ങൾക്ക് നൽകും. ഈ വിവരം ഡിപ്പാട്ടുമെന്റ് ഓഫ് ഹെൽത്തിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

- വാക്സിനേഷന് ശേഷം, നിങ്ങളുടെ റെസിഡൻഷ്യൽ ഏജ്ഡ് കെയർ ഫെസിലിറ്റിയിലെ സ്റ്റാഫ് നിങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കും. വാക്സിൻ സ്വീകരിച്ചതിന് ശേഷം നിങ്ങൾക്ക് സുഖമില്ലായ്മ അനുഭവപ്പെടുകയാണെങ്കിൽ, അവരെ അറിയിക്കാൻ മടിക്കരുത്.

## ഏറ്റവും പുതിയ വിശ്വസനീയമായ വിവരങ്ങൾ അറിഞ്ഞിരിക്കുക

ഡിപ്പാർട്ടുമെന്റ് ഓഫ് ഹെൽത്തിന്റെ വിവർത്തനം ചെയ്ത വിവരങ്ങൾ ഉൾപ്പെടെ നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ COVID-19 വാക്സിൻ വെബ്സൈറ്റിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ഏറ്റവും പുതിയ COVID-19 വാക്സിൻ വിവരങ്ങൾ ലഭിക്കാൻ നിങ്ങൾക്ക് സബ്സ്ക്രൈബ് ചെയ്യാനും കഴിയുന്നതാണ്.

നിങ്ങൾക്ക് 1800 020 080 എന്ന നമ്പറിൽ നാഷണൽ കൊറോണ വൈറസ് ഹെൽപ്പ് ലൈനിൽ വിളിക്കാവുന്നതും, ആവശ്യമെങ്കിൽ ഒരു ദ്വിഭാഷിയുടെ സഹായം തേടാവുന്നതുമാണ്.

എന്തെങ്കിലും പ്രശ്നങ്ങളെ കുറിച്ചോ, COVID-19-മായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിലോ, അല്ലെങ്കിൽ നിങ്ങളുടെ ഏജ്ഡ് കെയറുമായി ഇടപെടാൻ സഹായം ആവശ്യമുണ്ടെങ്കിലോ, ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്‌വർക്കുമായി (OPAN) നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. 1800 237 981 എന്ന നമ്പരിൽ, 6am-10pm (AEDT) സമയത്തിനിടയിൽ ആഴ്ചയിൽ 7 ദിവസവും വിളിക്കാനോ അല്ലെങ്കിൽ covid@opan.com.au എന്ന വിലാസത്തിലേക്ക് ഇമെയിൽ അയയ്ക്കാനോ കഴിയുന്നതാണ്